പ്പിക്കുന്ന പ്രശ്നമില്ല, പക്ഷെ ഇവിടെ എന്താ ചെയ്യുന്നത്? ഓരോ വകുപ്പുക ളിലും വകുപ്പുമന്ത്രി പെൻഷൻ പ്രായം വർദ്ധിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന് ഇക്കാര്യത്തിൽ പോളിസിയുണ്ടോ? ചെറുപ്പക്കാരെ ബാധി ക്കുന്ന ഈ ഗൗരവതരമായ പ്രശ്നത്തിൽ ബഹുമാനപ്പെട്ട മന്ത്രി അങ്ങ് ചെറു പ്പക്കാർക്ക് എതിരായിട്ടുള്ള ഒരു നിലപാട് സ്വീകരിക്കരുത് എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, സംസ്ഥാനസർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജു മെന്റ് ഇൻ ഗവൺമെന്റ്, രാജീവ്ഗാന്ധി സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്നീ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ പെൻഷൻപ്രായം അറുപത് വയസ്സാണ്. അനെർട്ട്, കേരളാ സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ എന്നീ സ്ഥാപനങ്ങളിൽ പെൻഷൻപ്രായം 58 വയ സ്സാണ്, ഇതൊക്കെ ഇങ്ങനെ ഉയർത്തിയത് ഏതു ഗവൺമെന്റിന്റെ കാല ത്താണ് എന്ന് അങ്ങ് ഒന്ന് അന്വേഷിക്കുകയും കൂടിവേണം. (ബഹളം)... ശാന്തമായി സംസാരിക്കുക, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പെൻഷൻപ്രായം അറുപത് വയസ്സാക്കി, അൻപത്തിയെട്ടു വയസ്സാക്കി, അതു പോലെ സമാനമായ ഒരു സ്ഥാപനത്തിൽ അതുപോലെ അൻപത്തിയെട്ടു വയ സ്സാക്കിയതിൽ ഇത്രമാത്രം രോഷം കൊള്ളേണ്ട ഒരു കാര്യവുമില്ല. കോൺഗ്ര സ്സിന്റെ സംഘടനയാണല്ലോ ഐ.എൻ.ടി.യു.സി. അവർ എഴുതിത്തന്നിട്ടുണ്ട് അൻപത്തിയെട്ടു വയസ്സാക്കണമെന്ന്. അതിനിപ്പോൾ വ്യക്തിപരമായ സ്വാത ന്ത്ര്യമുണ്ട്. സമാനമായ ഒരു സ്ഥാപനത്തിൽ ഞാൻ ചെയർമാനായിട്ടുള്ള ഒരു സ്ഥാപനത്തിൽ അൻപത്തിയെട്ടു വയസ്സ്, മറ്റൊരു സ്ഥാപനത്തിൽ അൻപത്തി യഞ്ചു വയസ്സെന്നുള്ളത് ആ നിലയിൽ ആക്കിയെന്നുമാത്രമേയുള്ളൂ. അതിന്റെ യകത്ത് പുതുതായിട്ട് ഒന്നുമില്ല. ഈ തരത്തിൽ രോഷം കൊള്ളേണ്ട കാര്യമി ല്ല, ഏതായാലും ഈ മൂന്നുകൊല്ലക്കാലം കൊണ്ട് എടുത്ത തീരുമാനമല്ല, സമാനമായ ഒരു സ്ഥാപനത്തിൽ അൻപത്തിയെട്ടു വയസ്സുണ്ട്. ഗവൺമെന്റ് ഉടമയിലുള്ള രണ്ടു സ്ഥാപനങ്ങളിൽ അറുപത് വയസ്സുണ്ട്, ഇതു ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലുള്ളതുപോലെ അൻപത്തിയെട്ടു വയസ്സാക്കി അത്രയേയുള്ളൂ.

(11) പൂഞ്ഞാർ-തൊടുപുഴ മേഖലകളിൽ നിന്നും കോട്ടയത്തേയ്ക്ക് പോകുന്ന യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. പി.സി. ജോർജ് : ഐ.എൻ.ടി.യു.സി. ക്കാരുടെ നിവേദനപ്രകാര മല്ലേ 58 വയസ്സാക്കിയത്, അതിന് നമ്മോട് വഴക്കുണ്ടാക്കുന്നതെന്തിന്? ഇത് സബ്മിഷനാണ്, എന്റെ സബ്മിഷൻ സമയം അവർ കൈയടക്കുന്നത് മര്യാദ യാണോ? സർ, പൂഞ്ഞാർ-ഏറ്റുമാനൂർ സ്റ്റേറ്റ് ഹൈവേ, ആ സ്റ്റേറ്റ് ഹൈവേ യിൽ ഭരണങ്ങാനം, ഇടപ്പാടി, പാലാ, കുത്തേരി, ചേർപ്പുങ്കൽ, കിടങ്ങൂർ എന്നീ സ്ഥലങ്ങൾ എല്ലാം ചെറിയ ചെറിയ പട്ടണങ്ങളാണ്. അതുപോലെ തൊടുപുഴ-പാല-പൊൻകുന്നം വഴിയുള്ള ശബരിമല സ്റ്റേറ്റ്ഹൈവേ ഈ റോഡുകളിലെല്ലാം, ഇപ്പോൾ സ്റ്റേറ്റ് ഹൈവേയാണെങ്കിൽ പോലും ആ പ്രദേ ശങ്ങളിലൊക്കെ വീതിയില്ലാത്തതുകൊണ്ട് ട്രാഫിക് തടസ്സങ്ങൾ ഉണ്ടാകുന്നത് നിത്യസംഭവങ്ങളാണ്. പക്ഷെ ഈരാറ്റുപേട്ട, വീതികൂട്ടിക്കഴിഞ്ഞു, പ്രശ്നം പരിഹരിക്കപ്പെട്ടു, കിടങ്ങൂർ ബൈപാസായിരിക്കുന്നു, പ്രശ്നം പരിഹരിക്ക പ്പെട്ടു, ഏറ്റുമാനൂരും വലിയ വീതിയിൽ റോഡാക്കി പ്രശ്നം പരിഹരിക്കപ്പെട്ടു, 1116/2010.

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റുമാനൂരും വലിയ വീതിയിൽ റോഡാക്കി പ്രശ്നം പരിഹരിക്കപ്പെട്ടു, അതു പോലെ ഞാൻ ഉൾപ്പെടെ പ്രദേശങ്ങളുടെ താലൂക്കിന്റെ ഹെഡ്ക്വാർട്ടേഴ്സായ പാലാ. എനിക്ക് ഈരാറ്റുപേട്ട നിന്ന് കോട്ടയത്ത് പോകാൻ സാധാരണയായി 45 മിനിട്ട് മതിയാകും. ഇപ്പോൾ ട്രാഫിക് തടസ്സം ഉണ്ടായതിനെതുടർന്ന് പാലാ. ടൗണിൽ മാത്രം അര മണിക്കൂർ കളയേണ്ട ഗതികേടാണ്. ആ തടസ്സം ഒഴിവാക്കാൻ ശബരിമല സ്റ്റേറ്റ് ഹൈവേയും കോട്ടയം (ബഹളം)... ആ ഒത്തു കളിയുണ്ട്.[....]

മി. സ്പീക്കർ : അതൊന്നും രേഖയിൽ ഉണ്ടാവില്ല, ആ പറഞ്ഞ തൊന്നും രേഖയിലുണ്ടാവില്ല.

**** **** **** ****

മി. സ്പീക്കർ : അതൊന്നും പറയണ്ട അതൊന്നും രേഖയിലുണ്ടാവില്ല.

ശ്രീ. പി.സി. ജോർജ് : എനിക്ക് പാലായിൽക്കൂടെയല്ലാതെ പോകാൻ പറ്റുമോ?

മി. സ്പീക്കർ : ഉന്നയിക്കൂ ജോർജേ, കാര്യം നടന്നാൽ പോരേ? ഇതൊന്നും ഇവിടെ അനുവദിച്ചിട്ടുള്ള കാര്യങ്ങളല്ല, പ്ലീസ്,

ശ്രീ. പി.സി. ജോർജ് : എന്റെ താലൂക്കിന്റെ ഹെഡ്ക്വാർട്ടേഴ്സായ പാല എന്ന വാക്കുപോലും എനിക്കുച്ചരിക്കാൻ പറ്റില്ലായെന്നുവച്ചാൽ എങ്ങനെയാ?

മി. സ്പീക്കർ : അങ്ങേയ്ക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ സ്പീക്കറോടു പറഞ്ഞാൽ മതി.

ശ്രീ. പി.സി. ജോർജ് : സർ, അങ്ങ് പ്രൊട്ടക്ഷൻ തരണം, ഇവർക്കെന്താ പറ്റിയത്? എന്റെ താലൂക്കിന്റെ ഹെഡ്ക്വാർട്ടേഴ്സായ പാലായെപ്പറ്റി എനിക്ക് മിണ്ടാൻ അവകാശമില്ലേ? എന്തൊരു മര്യാദകേടാ, സർ, പാലാ വഴി ഇങ്ങോട്ടു വരാൻ, തിരുവനന്തപുരത്ത് വരണമെങ്കിൽ ഇന്ന് അര മണിക്കൂർ ട്രാഫിക് തടസ്സം മൂലം ബുദ്ധിമുട്ട് അനുഭവപ്പെടുകയാണ്. പാലായിൽ ശബരിമല സ്റ്റേറ്റ്ഹൈവേയാണ്, അവിടെ ഒരു ബൈപ്പാസ് പണിയണമെന്നേ ഞാൻ ആവ ശ്യപ്പെടുന്നുള്ളൂ. സർ, അത് തെറ്റാണോ സാർ, (ബഹളം).... പ്രതിപക്ഷനേ താവും ശ്രീ. ആര്യാടനും പോയിരുന്നു, സ്പീക്കറുടെ അടുത്ത് മനസ്സിലായില്ല. എനിക്ക് പാലായെപ്പറ്റി മിണ്ടാൻ പറ്റില്ല, നിങ്ങളെല്ലാപേരും അറിഞ്ഞിരിക്കണം. പാലാ എന്റെ ഹെഡ്ക്വാർട്ടേഴ്സല്ലേ, സ്പീക്കറുടെ അടുത്തുപോയിരിക്കുക യാ, ഇത് മര്യാദയാണോ കാണിക്കുന്നത്?

മി. സ്പീക്കർ : പി.സി. ജോർജ് അദ്ദേഹം മറുപടി പറയട്ടെ.

ശ്രീ. പി.സി. ജോർജ് : എനിക്കു യാത്ര ചെയ്യാൻ ഞാൻ പ്രതിനിധാനം ചെയ്യുന്ന പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ജനങ്ങൾക്ക് യാത്ര ചെയ്യാൻ കോട്ടയത്തേക്ക് പോകാൻ അല്ലെങ്കിൽ തിരുവനന്തപുരത്തേയ്ക്കു വരാൻ, തൊടുപുഴ വഴി ശബരിമലയിലേയ്ക്ക് പോകുന്ന അയ്യപ്പൻമാരുടെ സൗക ര്യാർത്ഥം പാലാ പട്ടണത്തിൽ പൊൻകുന്നം റോഡിലേയ്ക്ക് ഒരു ബൈപ്പാസ് പണിയുടനെ ആരംഭിക്കണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ പുനലൂർ-മൂവാറ്റുപുഴ സ്റ്റേറ്റ്ഹൈവേ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്റ്റേറ്റ് ഹൈവേകളിൽ ഒന്നാണ്, പുനലൂർ-മൂവാറ്റുപുഴ സ്റ്റേറ്റ്ഹൈവേ നമ്മുടെ

[....] സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശബരിമല സീസണിൽ ഏറ്റവും കൂടുതൽ വാഹനങ്ങൾ പോകുന്ന ഒന്നാണ് അതിൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് ഉണ്ടാകുന്ന ഒരു പ്രദേശമാണ് പാലാടൗൺ, അതുകൊണ്ട് ആ പാലാടൗണിൽ ബൈപ്പാസ് പണിയേണ്ടത് വളരെയാവശ്യമാണ്, അത് തൊടുപുഴ നിന്ന് വരുന്നവഴി പാലാ ടൗണിൽ കട ക്കാതെ നേരെ ബൈപ്പാസ് പണിത് പാല-പൊൻകുന്നം റോഡിന്റെ ആ ഭാഗ ത്ത്പോയി ചേരുന്നതാണ്. ബൈപ്പാസ് പണിയാനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(12) കാസർഗോഡ് ജില്ലയിൽ പി.ഡബ്ല്യു.ഡി. യുടെ കീഴിൽ ഒരു ഇൻവെസ്റ്റിഗേഷൻ വിംങ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത.

ശ്രീ. പി. രാഘവൻ : സർ, പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ ഒരു ഇൻവെസ്റ്റിഗേഷൻ വിംങ് ആരംഭിക്കണ മെന്നുള്ളതാണ് എന്റെ ആവശ്യം. സർ, പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ നിരവധി പാലങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചതും എ.എസ്.ഉം, എസ്.എസ്.ഉം കിട്ടിയതുമായ നിരവധി പാലങ്ങളുടെ ഇൻവെസ്റ്റി ഗേഷൻ താമസിക്കുന്നതിനാൽ വർഷങ്ങളായി നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെട്ട് കിടക്കുകയാണ്. ഇപ്പോൾ കണ്ണൂരിലുള്ള ഓഫീസിലെ രണ്ടു ഉദ്യോഗസ്ഥൻമാരാണ് ഈ ജോലി നിർവഹിക്കുന്നത്. കണ്ണൂർ ജില്ലയിലെ പ്രവൃത്തികൾ തന്നെ ധാരാളമുണ്ട്, അതുകഴിഞ്ഞുവേണം കാസർഗോഡ് ജില്ല യിലെ കാര്യങ്ങൾ നോക്കാൻ, അതുകൊണ്ട് ഇവരുടെ സേവനം ലഭിക്കാൻ വളരെ പ്രയാസമാണ്. എന്റെ മണ്ഡലത്തിലെ 3 പാലങ്ങൾക്ക് കഴിഞ്ഞ മൂന്നു വർഷക്കാലമായി ബഡ്ജറ്റിലെ തുക ലാപ്സായി കൊണ്ടിരിക്കുകയാണ്, ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകാത്തതുകൊണ്ടാണ് ഇങ്ങനെ വന്നത്. ഉദ്യോ ഗസ്ഥൻമാർ സ്ഥലത്തുവരണമെങ്കിൽ നാട്ടുകാർ എത്രയോ തവണ നൂറ് കിലോമീറ്റർ ദൂരെയുള്ള കണ്ണൂരിൽ എത്തി അവരെ കൂട്ടിക്കൊണ്ടുവരണം. ഈ സ്ഥിതിക്ക് ഒരു പരിഹാരം ഉണ്ടാകണം. കാസർഗോഡുതന്നെ ഒരു ഇൻവെസ്റ്റിഗേഷൻ വിംങ് ഉണ്ടാക്കണം. ഇതാണെന്റെ ആവശ്യം. പുതിയ കോർപ്പറേഷൻകൂടി വന്ന സാഹചര്യത്തിൽ ധാരാളം പ്രവൃത്തികൾ ഇനിയും ജില്ലയിൽ വരുമ്പോൾ ഇതൊരു അത്യാവശ്യമായിരിക്കുകയാണ്. അതു കൊണ്ട് അടിയന്തിരമായി ഒരു ഇൻവെസ്റ്റിഗേഷൻ വിംഗ് ആരംഭിക്കാൻ ആവ ശ്യമായ നടപടിയുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, മലബാർ ഭാഗത്ത് കണ്ണൂരും പാലക്കാടും ജില്ലകളിലാണ് ഇൻവെസ്റ്റിഗേ ഷൻ സബ്ഡിവിഷനുകൾ ഉള്ളത്. കാസർഗോഡ് ജില്ലയിലെ ഇൻവെസ്റ്റിഗേ ഷനെ സംബന്ധിച്ച ജോലികൾ അതേ ജില്ലയിലെ റോഡ് ഡിവിഷൻകാരും, കണ്ണൂർ ജില്ലയിലെ ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷനുമാണ് ഏറ്റെടുത്തിരി ക്കുന്നത്. ബാക്കിയെല്ലാ സ്ഥലത്തും ഇൻവെസ്റ്റിഗേഷൻ സബ്ഡിവിഷൻ ഉണ്ടാക്കണമെങ്കിൽ അതിന് വലിയ ബാദ്ധ്യതകളുണ്ട്. മറ്റെന്തെങ്കിലും ഡിപ്ലോ യ്മെന്റ് നടത്തുംപോൾ ആ ഡിപ്ലോയ്മെന്റ് വഴി പുതിയ തസ്തികകൾ സൃഷ്ടിക്കാതെ ഇതു തുടങ്ങാൻ കഴിയുമോ എന്ന കാര്യം പ്രത്യേകം പരി ശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly